രോഗികളുടെ ജാതിതിരിച്ചുള്ള പട്ടിക.

*11. [11] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മെഡിക്കൽഡിപ്പാർട്ടുമെന്റിന്റെ അഡ്മിനസ്ട്രേഷൻറിപ്പോർട്ടിൽ സർക്കാർ ആശുപത്രികളിൽ ചികിത്സിച്ച രോഗികളുടെ ജാതി തിരിച്ചുള്ള പട്ടിക പ്രസിദ്ധീകരിക്കുന്നതിന്റെ ഉദ്ദേശമെന്ത് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

പ്രത്യേക ഉദ്ദേശം ഒന്നുമില്ല.

ശ്രീ. ടി. എ. മജീദ് : ഏതു സമുദായത്തിലാണ് കൂടുതൽ രോഗികൾ ഉള്ളതെന്നു പറയുമോ ?

ശ്രീ. എ. എ. റഹിം : നോക്കി പറയാം.

ശ്രീ. പി. പി. തോമസ് : ചില പ്രത്യേക സമുദായങ്ങളിൽപ്പെട്ട ആളുകൾക്ക് ആശുപത്രികളിൽ പ്രവേശനം ലഭിക്കുന്നില്ലെന്ന് കാണിച്ച് ഗ്രസ്സ്മെംബർമാരിൽ ആരുടെയെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : ഇല്ല.

ശ്രീ. കെ. സി. ജോർജ് : ജാതിയും സമുദായവും നോക്കി എല്ലാ കാര്യങ്ങളും നടത്തുന്ന ഇപ്പോഴത്തെ ഈ ഏർപ്പാട് നിറുത്തുവാൻ ശ്രമിക്കുമോ ?

ശ്രീ. എ. എ. റഹിം : അതു് ആവശ്യമില്ലാത്തതാണെന്നു കണ്ടു് നിറുത്തിയിരിക്കുകയാണു്.

ഉദ്യോഗസ്ഥന്മാരെക്കുറിച്ചുള്ള പരാതികൾ.

*12. [12] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദ്യോഗസ്ഥന്മാരെക്കുറിച്ചു് ഉണ്ടാകുന്ന പരാതികൾ കഴിയുന്നതും കുറയ്ക്കുന്നതിനുവേണ്ടി ഗവണ്മെന്റിനു പുതിയ നടപടികൾ എടുക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) തദ്ദേശഭരണസ്ഥാപനങ്ങളും ഉത്തരവാദിത്വഭരണവും നാട്ടിൽ വന്ന സ്ഥിതിക്ക് താലൂക്കുലാപ്പീലിൽ പ്രതിമാസം ഒരിക്കലെങ്കിലും പൊതുജനപ്രതിനിധികളും താലൂക്കിലെ പ്രധാന ഉദ്യോഗസ്ഥന്മാരും കൂടിയുള്ള സമ്മേളനങ്ങൾ നടത്തുന്ന ഒരു പതിവു് ഇതിനുവേണ്ടി ഗവണ്മെന്റിനു് ആരംഭിക്കുവാൻ സാധിക്കുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉദ്യോഗസ്ഥന്മാരെപ്പറ്റി ഉണ്ടാകുന്ന പരാതികൾ അന്വേഷിച്ചു് വേണ്ട നടപടികൾ എടുക്കാൻ 16-6-1955-ലെ ഗവണ്മെന്റ് ഓർഡർ അനുസരിച്ചു് സെക്രട്ടേറിയറ്റിൽ ഒരു പുതിയ വകുപ്പു് പ്രവർത്തനം നടത്തിവരികയാണു്.

(ബി) ഇതേപ്പറ്റി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly